(ഡി) മാർച്ചിൽ പങ്കെടുത്ത് അക്രമം കാട്ടി അറസ്റ്റിലായ 13 പേരെ വിട്ടുകിട്ടണം എന്നാവശ്യപ്പെട്ടുകൊണ്ട് റോഡ് പിക്കറ്റു ചെയ്ത സർവശ്രീ ഉമ്മൻചാണ്ടി എം.എൽ.എ, രമേശ് ചെന്നിത്തല എം.പി, എഴുകോൺ നാരായണൻ എം.എൽ.എ., വയലാർ എം.പി, എന്നീ ജനപ്രതിനിധികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഇ) ഇക്കാര്യത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.

(എഫ്-എച്ച്) 7-2-2000-ന് യൂത്ത് കോൺഗ്രസ് മാർച്ചിനോടനുബന്ധിച്ച് ഉണ്ടായതായി ആരോപിക്കപ്പെടുന്ന പോലീസ് അതിക്രമങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.

(ഐ) ഹെൻഡ്രി, ശശീന്ദ്രബാബു, സർജ് ബിജുകുമാർ, വിജയകുമാർ, ഉദയകുമാർ, രാജൻ, സുരേന്ദ്രൻ, ബേബിജോസ്, ഹസ്സൻ, ഷാജഹാൻ, ജയകുമാർ, അനിൽകുമാർ എന്നീ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(ജെ) ജുഡീഷ്യൽ അന്വേഷണം നടത്താൻ ഉത്തരവായിട്ടുണ്ട്.

(കെ-എൻ) ഈ സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.

വിനോദസഞ്ചാര വികസന പദ്ധതികൾ

30(*29) ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര വികസനത്തിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കേരള ടൂറിസം ട്രേഡ് ആക്ട് നടപ്പാക്കിക്കൊണ്ട് കേരളത്തിലെ ടൂറിസം വ്യവസായത്തിന്റെ നിലവാരം ഉയർത്തുന്നതിന് പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) കായൽ പരപ്പുകളെ വിനോദസഞ്ചാര വികസനത്തിനായി ഉപയോഗിക്കുന്നതിന്റെ ഭാഗമായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ഇ) എങ്കിൽ സംസ്ഥാനത്തെ ഏതെല്ലാം കായൽ ഭാഗങ്ങളാണ് ആധുനിക സൗകര്യങ്ങളോടുകൂടി വികസിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇവയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര വികസനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ ടൂറിസം വകുപ്പ് മുഖേന നേരിട്ടും സർക്കാർ ഏജൻസികളായ കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ, ബേക്കൽ റിസോർട്ട്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ, തെന്മല-എക്കോ ടൂറിസം പ്രമോഷൻ സൊസൈറ്റി എന്നിവ വഴിയും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അവയിൽ മുഖ്യമായവ അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി&സി) കേരളത്തിലെ ടൂറിസം വ്യവസായരംഗത്ത് പ്രവർത്തിക്കുന്നവരുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് കേരളത്തിലെ ടൂറിസം വ്യവസായ നിലവാരം ഉയർത്തുന്നതിനും വിനോദസഞ്ചാരികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി പുതിയ ഒരു നിയമം നടപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനായി ടൂറിസം വ്യവസായ രംഗത്തുള്ളവരുമായി ചർച്ചകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനിയന്ത്രിത ടൂറിസം വികസനം തടയുന്നതിനും ഈ ആക്ടിൽ വ്യവസ്ഥ ചെയ്യാൻ ആലോചനയുണ്ട്. നിയന്ത്രിത ടൂറിസം വികസനം ലക്ഷ്യമാക്കി പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ വാഹകശേഷി പഠിക്കാൻ നടപടികളായിട്ടുണ്ട്.

(ഡി-എഫ്) ഉണ്ട്. കായൽ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പമ്പ, കുട്ടനാട് ഭാഗത്ത് ബോട്ട് ടെർമിനലുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ പദ്ധതി തയ്യാറായിട്ടുണ്ട്. അഷ്ടമുടി കായലിന്റെ സമഗ്ര ടൂറിസം വികസനത്തിനും കായലോരങ്ങളിൽ സൈനേജ് സിസ്റ്റം സ്ഥാപിക്കാനും ഹൗസ് ബോട്ടുകൾ വടക്കൻ ജില്ലകളിലേയ്ക്കുകൂടി വ്യാപകമാക്കാനുമുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവ നടപ്പാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ തിരുവനന്തപുരം-കൊല്ലം വെസ്റ്റ് കോസ്റ്റ് കനാലിൽ ഹൗസ് ബോട്ട് സർവ്വീസ് ഏർപ്പെടുത്തുന്നതിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വാർഷിക പദ്ധതി വിഹിതം

1 (1) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷത്തേയും വാർഷിക പദ്ധതിക്കുവേണ്ടി നിർദ്ദേശിച്ച തുക എത്ര വീതമായിരുന്നു ;

(ബി) ഇത് തൊട്ട് മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം വീതം കൂടുതലായിരുന്നു ;

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

5. അമേരിക്കയിലെ മോർഡിക്ക്ളേയർ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് പ്രൊഫ. റിച്ചാർഡ് ഡബ്ല്യൂ ഫ്രാങ്കും സംഘവും
6. ഇംഗ്ലണ്ടിലെ ലോംഗ്സൈറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നുള്ള പഠനസംഘം
7. ഫ്രാൻസിൽ നിന്നുള്ള ടെലിവിഷൻ ഗ്രൂപ്പ്
8. വിയറ്റ്നാമിൽ നിന്നുള്ള പഠനസംഘം
9. സ്പെയിനിൽ നിന്ന് പഠനസംഘം
10. വിയറ്റ്നാം ഗവൺമെന്റിന്റെ ഉദ്യോഗസ്ഥ സംഘം
11. ശ്രീലങ്കൻ പഠനസംഘം
12. ഫാർവാർഡ് യൂണിവേഴ്സിറ്റി പഠനസംഘം
13. ലോകബാങ്ക് പ്രതിനിധികൾ

അനുബന്ധം V

[21-2-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 30(*29) ദയവായി കാണുക]

1. വിദേശ ടൂറിസം വിപണിയിൽ കേരള സാന്നിദ്ധ്യം പ്രകടമാക്കുന്നതിന് വേണ്ടിയും വിദേശടൂറിസ്റ്റുകൾക്കും, ടൂർ ഓപ്പറേറ്റർമാർക്കും വിശദവിവരങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടിയും ടൂറിസം വകുപ്പ് പ്രശസ്തമായ അന്താരാഷ്ട്ര മേളകളിൽ പങ്കെടുത്തുവരുന്നു. ഇലക്ട്രാണിക് സാങ്കേതികവിദ്യ പൂർണ്ണമായി ഉപയോഗപ്പെടുത്തി വിശദമായ ഇന്റർനെറ്റ് വെബ്സൈറ്റ് രൂപീകരിക്കുകയും. ഇന്റർനെറ്റിലൂടെ കേരളത്തെ കുറിച്ചുള്ള വിശദവിവരങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്.

2. സന്ദർശകർക്കാവശ്യമായ വിവരങ്ങൾ നൽകുന്നതിനായി കേരളത്തിന് അകത്തും സംസ്ഥാനത്തിന് പുറത്തും ചില പ്രധാന കേന്ദ്രങ്ങളിലും ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.

3. 'ഓഫ് സീസൺ' പ്രയോജനപ്പെടുത്തി വിവിധ ഓഫ് സീസൺ പാക്കേജുകളും മൺസൂൺ ആയുർവേദിക് റിജുവിനേഷൻ പാക്കേജുകളും വികസിപ്പിച്ചു വരുന്നു.

4. കായൽ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പമ്പാ, കുട്ടനാട് ഭാഗത്ത് ബോട്ട് ടെർമിനലുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ പദ്ധതി തയ്യാറായിട്ടുണ്ട്. അഷ്ടമുടിക്കായലിന്റെ സമഗ്രടൂറിസം വികസനം കായലോരങ്ങളിൽ സൈനേജ് സിസ്റ്റം സ്ഥാപിക്കാനും ഹൗസ്ബോട്ടുകൾ വ്യാപകമാക്കാനും നടപടി പൂർത്തിയായിവരുന്നു.

5. കേരളത്തിലെ ബീച്ചുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി കോവളം, വർക്കല, കാപ്പാട്, ശംഖുമുഖം, കണ്ണൂരിലെ പയ്യാംപലം മുഴപ്പിലങ്ങാടി എന്നിവിടങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. വേളി ടൂറിസ്റ്റ് വില്ലേജിന്റെ വികസനത്തിന്റെ ഭാഗമായി അമ്യൂസ്മെന്റ് പാർക്കിന് സ്ഥലം കൈമാറുവാൻ തീരുമാനമായി. പണി ഉടൻ ആരംഭിക്കും. ഓഷനേറിയം സ്ഥാപിക്കുവാനും നടപടി ആരംഭിച്ചിട്ടുണ്ട്.

7. തെന്മല എക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ട്രെക്കിംഗ്, അമ്യൂസ്മെന്റ് പാർക്ക്, വിശാലമായ ഉദ്യാനം, മ്യൂസിക്കൽ ഫൗണ്ടൻ തുടങ്ങി പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിലുള്ള പദ്ധതികളാണ് ഇവിടെ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

8. വാഗമണ്ണിൽ വിശാലമായ ഒരു ഗോൾഫ് കോഴ്സ് ഉൾപ്പെടെയുള്ള ഒരു ടൂറിസ്റ്റ് റിസോർട്ട് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള സ്ഥലം കൈമാറ്റം താമസിയാതെ നടക്കും.

9. ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വിവരം നൽകുന്ന സമഗ്ര സൈനേജ് സിസ്റ്റം നടപ്പാക്കി വരുന്നു.

10. പാലരുവി, കൊട്ടാരക്കര, ആലപ്പുഴ, വൈക്കം, പാലക്കാട്, കോട്ടയ്ക്കൽ, വാളറ, കണ്ണൂർ, വടകര, മഞ്ചേശ്വരം തുടങ്ങിയ സ്ഥലങ്ങളിൽ വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്തുത്യർഹമായ രീതിയിലും പ്രവർത്തിച്ചുവരുന്നു. മലയാറ്റൂർ, പീരുമേട് എന്നിവിടങ്ങളിൽ യാത്രിനിവാസുകളുടേയും, അതിരപ്പിള്ളി, ആറൻമുള എന്നിവിടങ്ങളിൽ ഓരോ വഴിയോര-ജലയോര വിശ്രമകേന്ദ്രത്തിന്റെയും പരവൂർ, ചങ്ങനാശ്ശേരി എന്നീ സ്ഥലങ്ങളിൽ ടൂറിസ്റ്റ് റിസോർട്ടുകളുടേയും പണി പൂർത്തിയായി പ്രവർത്തന സജ്ജമായിട്ടുണ്ട്. ഗുരുവായൂർ, കോഴിക്കോട്, നെല്ലിയാംപതി എന്നിവിടങ്ങളിൽ യാത്രിനിവാസുകളുടെ നിർമ്മാണം നടന്ന് കൊണ്ടിരിക്കുന്നു. കൊണ്ടോട്ടിയിൽ യാത്രിനിവാസിന്റെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്ത് പണി ഉടൻ ആരംഭിക്കും. തിരുനെല്ലിയിൽ യാത്രിനിവാസ് നിർമ്മാണത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

11. കായംകുളം, ആലുംകടവ് തുടങ്ങിയ സ്ഥലങ്ങളിൽ ജലയോര വിശ്രമ കേന്ദ്രങ്ങളുടെ പണി പൂർത്തിയായി വരുന്നു.

12. ആയുർവ്വേദം ഒരു പ്രധാന ടൂറിസം ആകർഷണമായി പ്രചരിപ്പിച്ചു വരുന്നു. ഈ രംഗത്തു മെച്ചമായ സേവനം ടൂറിസ്റ്റുകൾക്ക് ഉറപ്പുവരുത്തുന്നതിനായി ആയുർവേദ കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്നതിനും നിശ്ചിത യോഗ്യതയുള്ളവരെ കൊണ്ടുമാത്രം ചികിത്സ നടത്തിക്കുവാനും പര്യാപ്തമായ ഒരു സ്കീം നടപ്പാക്കി വരികയാണ്.

13. ചരിത്രപ്രാധാന്യമുള്ള പുരാതന കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി 'ഗൃഹസ്ഥലി' എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

14. ടൂറിസം പ്രചരണാർത്ഥം വിവിധ മേളകൾ സംഘടിപ്പിച്ചു വരുന്നു. ജലതരംഗം, വില്ലേജ് ഫെയർ, ടൂറിസം വാരാഘോഷം, നിശാഗന്ധി നൃത്തോത്സവം എന്നിവയാണ് ഇവയിൽ പ്രധാനം.

LIBRARY ARCHIVES Kerala Legislative Assembly

15. സ്വകാര്യ മേഖലയുടെ മുതൽമുടക്ക് വർദ്ധിപ്പിക്കുന്നതിനായി ടൂറിസം ഒരു വ്യവസായമായി പ്രഖ്യാപിച്ചു. മുതൽ മുടക്കിന്റെ പത്ത് ശതമാനം ഇൻവെസ്റ്റ്മെന്റ് സബ്സിഡി ഇലക്ട്രിസിറ്റി താരിഫിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

16. പാതിരാമണലിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു എക്കോടൂറിസം പദ്ധതി നടപ്പാക്കാനുള്ള പ്രാരംഭ നടപടികൾ ടൂറിസ്റ്റ് റിസോർട്ട്സ് (കേരള) ലിമിറ്റഡ് ആരംഭിച്ചിട്ടുണ്ട്.

17. ടൂറിസം വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കേരള ടൂറിസം ഡവലപ്പമെന്റ് കോർപ്പറേഷൻ വഴി നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി മൂന്നാറിൽ ഫോർസ്റ്റാർ നിലവാരത്തിലുള്ള കോട്ടേജുകൾ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. ബോൾഗാട്ടി പാലസ് ഹോട്ടലിന്റെ നവീകരണം പൂർത്തിയായി വരുന്നു. കുമരകം ടൂറിസ്റ്റ് വില്ലേജിന്റെ കോട്ടേജുകളുടെ നിർമ്മാണവും അന്തിമഘട്ടത്തിലാണ് മസ്ക്കറ്റ് ഹോട്ടൽ ഒരു 'ഫൈവ് സ്റ്റാർ ഡീലക്സ്' ഹോട്ടലായി ഉയർത്താനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ചെന്നൈയിലെ ഹോട്ടൽ പ്രോജക്ടിനും മുംബൈയിൽ ഒരു കേരള ഹൗസ് നിർമ്മിക്കുന്നതിനും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

18. ബേക്കലിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കി റിസോർട്ട്സ് സെറ്റുകൾ വിപണനത്തിനു തയ്യാറായി കഴിഞ്ഞു. ബേക്കൽ ടൂറിസം പദ്ധതിയുടെ ഭാഗമായി പദ്ധതി പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി, റോഡ് വികസന പദ്ധതി, ഡ്രെയിനേജ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി, ഇലക്ട്രിസിറ്റി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എന്നിവയും ആവിഷ്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly